# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*550 22.05.2017 -ൽ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

ചോദ്യം

ശ്രീ. എ. എൻ. ഷംസീർ
,, കെ. സുരേഷ് കുറുപ്പ്
,, പി. ടി. എ. റഹീം
ശ്രീമതി. വീണാ ജോർജ്ജ് :

ഉത്തരം

പ്രൊഫ. സി രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക രീതിയിലുള്ള അധ്യാപക പരിശീലനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഗവേഷണ കേന്ദ്രങ്ങളും പോളിടെക്നിക് കോളേജുകളോടനുബന്ധിച്ച് ഉൽപാദന പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക് - വ്യാവസായിക മേഖലകളുടെ സമന്വയമായ "ട്രെസ്റ്റ്" (Trivandrum Engineering Science and Technology Research Park- (TREST) പാർക്കും പ്രവർത്തിച്ചു വരുന്നു. വിജയശതമാനത്തിന്റെ കാര്യത്തിലും പ്ലേസ്മെന്റ് കണക്കുകളിലും സർക്കാർ മേഖലയിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്ന നിലവാരമാണ് പുലർത്തി വരുന്നത്. |

ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതികൾ സർവ്വകലാശാല തലത്തിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇന്റർ സ്കൂൾ /ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇന്റർ ഡിസിപ്ലിനറിയായ വിഷയങ്ങളിൽ ഗവേഷകർക്കു വേണ്ട സഹായ സൗകര്യങ്ങളും നിർദ്ദേശങ്ങളും ഇത്തരം പഠനകേന്ദ്രങ്ങൾ നൽകിവരുന്നു. അത്യാധുനിക പഠനോപാധികളും സജ്ജീകരണങ്ങളുമുള്ള ലബോറട്ടറികൾ, യന്ത്രസംവിധാനങ്ങൾ എന്നിവ ഗവേഷകർക്ക് ഉപയോഗിക്കുവാനുള്ള അവസരമൊരുക്കുകയും ശില്പശാലകളും പഠനക്ലാസ്സുകളും പ്രദർശനങ്ങളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ നിരവധി വിദേശ സർവ്വകലാശാലകളുമായും കേന്ദ്ര ഗവേഷണസ്ഥാപനങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കുവാനുമുള്ള കരാറുകളും ഉണ്ട്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി, പ്രാപ്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കുന്നതിന് താഴെ പറയുന്ന പദ്ധതികളും പരിപാടികളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നു.

(1) എറുഡൈറ്റ് പദ്ധതി
(2) ക്ലസ്റ്റർ കോളേജ് പദ്ധതി
(3) ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി
(4) കൗൺസിൽ ജേണൽ

| | | | |
|---|---|---|---|
| | | | ഉന്നത വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രഭാവം സൃഷ്ടിക്കാൻ കഴിയുന്ന താഴെപറയുന്ന പദ്ധതികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>(എ) പ്രബുദ്ധത (കമ്മ്യൂണിറ്റി ഹയർ എഡ്യൂക്കേഷൻ)<br>(ബി) ധൈഷണിക പര്യാവരണ് (ലേണർ എക്കോസിസ്റ്റം കാമ്പസുകൾ) |
| (ബി) | ഇതിനായി ജില്ലാതല അഷ്വറൻസ് സർക്കിളുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിരന്തര നിരീക്ഷണത്തിനും മാർഗ്ഗ ദർശനത്തിനുമായി വിഭാവനം ചെയ്തിട്ടുള്ള 'ജില്ലാതല അഷ്വറൻസ് സർക്കിളുകൾ' രൂപീകരിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 2 കോടി രൂപ 2017-18 ലെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | യൂണിവേഴ്സിറ്റി കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് കൊച്ചി സർവ്വകലാശാല കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്.<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ 'ഇന്റർ നാഷണൽ സെന്റർ ഒഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച്' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29.04.2017 ലെ സ.ഉ.(സാധാ) 807/2017/ഉ.വി.വ. പ്രകാരം 240.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഈ വിഷയത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി 'കിറ്റ്കോ' (KITCO) യെ ചുമതലപ്പെടുത്തുന്നതിന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് അനുമതി നൽകികൊണ്ട് |

| | | | |
|---|---|---|---|
| | | | 09.05.2017 ലെ സ.ഉ.(സാധാ) നം. 852/2017/ഉ.വി.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ